**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1032** **07-12-2022 - ൽ മറുപടിയ്ക്ക്**

**അനധികൃത മരംമുറി തടയുന്നതിനായി സ്വീകരിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നുള്ള പട്ടയ ഭൂമിയിൽ നിന്നും വ്യാപകമായി മരം മുറിച്ചു കടത്തുന്നതായുള്ള മാധ്യമവാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | വയനാട് ജില്ലയിൽ വനാതിർത്തിയോട് ചേർന്നുള്ള പട്ടയഭൂമിയിലെ മരംമുറി സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടതും ആയത് സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുള്ളതുമാണ്. വനാതിർത്തിയോട് ചേർന്ന പട്ടയഭൂമിയിൽ നിന്നല്ല ടി മാധ്യമ വാർത്തകളിൽ ഉൾപ്പെട്ടിരുന്ന മരംമുറി നടന്നിട്ടുള്ളതെന്ന് ബോധ്യപ്പെട്ടിട്ടുള്ളതാണ്. സുൽത്താൻബത്തേരി താലൂക്ക് കൃഷ്ണഗിരി വില്ലേജിൽ എൽ.എ പട്ടയഭൂമി എന്ന് അവകാശപ്പെടുന്ന ഭൂമിയിൽ നിന്ന് മരങ്ങൾ മുറിച്ചത് സംബന്ധിച്ചാണ് മാധ്യമ റിപ്പോർട്ടുകൾ ഉണ്ടായിട്ടുള്ളത്. |
| (ബി) | 2022-ജനുവരി മുതൽ ഇത്തരത്തിൽ മരം മുറിക്കാൻ വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | വയനാട് ജില്ലയിൽ സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിലെ 900 കണ്ടി വെള്ളരിമല വില്ലേജ് ബ്ളോക്ക് നമ്പർ 32, സർവ്വേ നമ്പർ-45/11-ൽപ്പെട്ട സ്ഥലത്ത് നിൽക്കുന്ന 7 ഉണങ്ങിയ മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് നോർത്തേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററും ഇടുക്കി വൈൽഡ് ലൈഫ് ഡിവിഷനു കീഴിലുള്ള തട്ടേക്കാട് റെയിഞ്ച് പരിധിയിൽ നിന്നും 1920 കളിലെ ഇനാംഭൂമി സെറ്റിൽമെൻറ് രജിസ്റ്റർ പ്രകാരം ബി.റ്റി.ആർ പതിവ് വസ്തുവിലെ അപേക്ഷകർക്ക് മാത്രം മരം മുറിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഫീൽഡ് ഡയറക്ടർ കോട്ടയവും അറിയിച്ചിട്ടുണ്ട്. വനാതിർത്തിയോട് ചേർന്നുള്ള പട്ടയഭൂമികളിൽ ജീവനും സ്വത്തിനും അപകടകരമായി നിൽക്കുന്നുവെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ള മരങ്ങൾ മുറിച്ചുമാറ്റി അപകടഭീഷണി ഒഴിവാക്കുന്നതിന് അനുമതി നൽകാറുണ്ട്. ഇത്തരത്തിൽ മുറിച്ച് ശേഖരിച്ച തടികൾ സർക്കാർ ബന്തവസിൽ എടുത്ത് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഗിരിജൻ സെറ്റിൽമെൻറിലെ കൈവശരേഖയുള്ള ഭൂമിയിൽ കൈവശക്കാർ സ്വയം നട്ടുപിടിപ്പിച്ചിട്ടുള്ള പ്ലാവ്, ആഞ്ഞിലി മുതലായ മരങ്ങൾ |

| | | | |
|---|---|---|---|
| | | | മുറിക്കുന്നതിനുള്ള അപേക്ഷയിന്മേൽ അന്വേഷണം നടത്തി മുഖ്യവനപാലകന്റെ 24.03.2020-ലെ സർക്കുലർ 01/2020-ലെ നിബന്ധനകൾക്ക് വിധേയമായി, ഫലവൃക്ഷങ്ങൾ മുറിക്കുന്നത് കഴിവതും നിരുത്സാഹപ്പെടുത്തി, മറ്റ് മരങ്ങൾ മുറിക്കുന്നതിന് അനുവാദം നൽകാറുണ്ട്. റവന്യൂ അധികൃതരുടെ വ്യക്തമായ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ വിശദമായ സ്ഥല പരിശോധന നടത്തി രേഖകൾ ബോധ്യപ്പെട്ട് മരം മുറിക്കുന്നതിനുള്ള അനുമതി നൽകാറുണ്ട്. |
| (സി) | അനധികൃത മരംമുറി തടയുന്നതിനായി സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | അനധികൃത മരംമുറി തടയുന്നതിനായി വനാതിർത്തി സർവ്വെ ചെയ്ത് അതിർത്തികൾ പുനർനിർണ്ണയിച്ച് ജണ്ടകൾ സ്ഥാപിച്ചും, രാത്രികാലങ്ങളിൽ സ്റ്റാഫ് പട്രോളിംഗും, രഹസ്യ വിവരശേഖരണവും നടത്തിവരുന്നു. കൂടാതെ ജനജാഗ്രതാ സമിതികളും വനസംരക്ഷണ സമിതികളും രൂപീകരിച്ച് ബോധവൽക്കരണ സംരക്ഷണ പ്രവർത്തനങ്ങളും നടത്തുകയും, റെയിഞ്ച് പരിധിയിലെ വിവിധ പ്രദേശങ്ങളിൽ നിന്നും മരം മുറിച്ച് മാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകൾ വിശദമായി പരിശോധിച്ച ശേഷം ഭൂമിയുടേയും മരങ്ങളുടേയും നിജസ്ഥിതി റവന്യൂ അധികാരികളിൽ നിന്നും ലഭ്യമാക്കി കേരളത്തിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമം അനുസരിച്ചും മാത്രം മരം മുറിക്കുന്നതിന് അനുമതി നൽകുന്നത് അനധികൃത മരം മുറി തടയുന്നതിനായാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മരം മുറിയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മരം മുറിയുമായി ബന്ധപ്പെട്ട് 776 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവ, വനംഡിവിഷൻ, എണ്ണം എന്ന ക്രമത്തിൽ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം (39), തെന്മല (6), പുനലൂർ (42),അച്ചൻകോവിൽ(19),കോന്നി(13),റാന്നി(9),<br><br>കോട്ടയം(51),കോതമംഗലം(93),മൂന്നാർ(283),മറയൂർ(8), തൃശ്ശൂർ (64), മലയാറ്റൂർ (6),ചാലക്കുടി (13),<br><br>വാഴച്ചാൽ(3),പാലക്കാട്(4),നിലമ്പൂർ നോർത്ത്(4), നോർത്ത് വയനാട്(7), സൗത്ത് വയനാട്(30),<br><br>കോഴിക്കോട് (6),കണ്ണൂർ(3), കാസർഗോഡ് (31),പീച്ചി വൈൽഡ് ലൈഫ്(1),<br><br>ഇടുക്കി വൈൽഡ് ലൈഫ്(41)<br><br>ആകെ 776 |

സെക്ഷൻ ഓഫീസർ